# Deepika

## 27 August 2018

## Aluva ; Flood

# ജില്ലയിൽ നാലു മരണം കൂടി; ഇന്നലെ കണ്ടെത്തിയത് അഞ്ചു മൃതദേഹം

**കൊച്ചി:** പ്രളയക്കെടുതിയിൽ ജില്ലയിൽ ഇന്നലെ മരിച്ചത് നാലു പേർ. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്ന വടക്കേപ്പട്ടണം ഉമ്മാട്ടുപറമ്പിൽ തമ്പി (53), കൂവക്കാട് വീട്ടിൽ പ്രഭാകരൻ പിള്ള (90), നാലു വയസുകാരൻ ആദർശ് എന്നിവരും വീടു തകർന്ന കാഴ്ച കണ്ട് ഹൃദയാഘാതം മൂലം റിട്ട.ഐആർഇ ഉദ്യോഗസ്ഥൻ വെളിയത്ത് യു.എം. മുഹമ്മദും (73) ആണ് ഇന്നലെ മരിച്ചത്. ക്യാമ്പിൽ വച്ച് ശ്വാസംമുട്ടൽ ഉണ്ടായതിനെ തുടർന്ന് ആശുപത്രിയിൽ എത്തിക്കുന്നതിനിടെയാണ് പ്രഭാകരൻ പിള്ളയും തമ്പിയും മരിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ മരിച്ച അഞ്ചു പേരുടെ മൃതദേഹങ്ങളും ഇന്നലെ കണ്ടെത്തി.

കുത്തിയതോട് സെന്റ് സേവ്യേഴ്സ് പള്ളിയുടെ മേട ഇടിഞ്ഞ് മരിച്ച ആറുപേരിൽ, നാലു പേരുടേയും ആലുവയിൽ രക്ഷാപ്രവർത്തനത്തിനിടെ തോണി മറിഞ്ഞ് കാണാതായ ടി.ആർ. സന്തോഷി (45)ന്റേയും മൃതദേഹമാണ് ഇന്നലെ കണ്ടെത്തിയത്. കുത്തിയതോട് അപകടത്തിൽ മരിച്ച കുത്തിയതോട് സ്വദേശികളായ പനയ്ക്കൽ ജയിംസ് (55), ശൗര്യാർ (45) ഇലഞ്ഞിക്കൽ പാപ്പച്ചൻ (95), മകൻ ജോമോൻ (54) എന്നിവരുടെ മൃതദേഹമാണ് ഇന്നലെ കണ്ടെത്തിയത്.

## മാവേലിനാട്

**രാജുനായർ**

വീഴ്ചകൾ ചൂണ്ടിക്കാട്ടുക പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം: ചെന്നിത്തല



ഒരു ചെയ്ഞ്ചിന്
വല്ലപ്പോഴും
ഒരു നല്ലത് പറയാം!!!